തൃത്താല എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാനുള്ള നടപടി

138 [301] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല എം.ആർ.എസ്.-ൽ 2003-2004-ൽ എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനം വിജയം കൈവരിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃത്താല എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം

139 [302] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ തിരുവില്വാമല പഞ്ചായത്തിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ വാടക കെട്ടിടത്തിൽ നടത്തിയിരുന്നതായി അറിയുമോ;

(ബി) പ്രസ്തുത സ്കൂളിന് അനുയോജ്യമായ സ്ഥലം തിരുവില്വാമല ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിത്തരാമെന്ന തീരുമാനം പട്ടികജാതി വികസന വകുപ്പിനെ അറിയിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പഞ്ചായത്ത് തീരുമാനപ്രകാരമുള്ള അനുയോജ്യമായ സ്ഥലം വാങ്ങിത്തരുവാൻ പട്ടികജാതി വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഗ്രാമപഞ്ചായത്ത് അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് കൈമാറാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടും വകുപ്പിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ നടത്താത്തതിന് കാരണമെന്താണ്;

(ഇ) ഇപ്പോൾ സ്കൂൾ നടത്തിവരുന്ന വാടക കെട്ടിടത്തിൽ മതിയായ സ്ഥലസൗകര്യമില്ലാത്തതിനാൽ ഈ വർഷം സ്കൂളിൽ പ്രവേശനം നടത്തേണ്ടതില്ലെന്ന തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly